## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3793** 25.06.2013 ലെ മറുപടിയ്ക്ക്

### ആംനസ്റ്റി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാണിജ്യ നികുതി വകുപ്പ് നടപ്പാക്കുന്ന ആംനസ്റ്റി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | വ്യാപാര മേഖലയുടെ അഭ്യർത്ഥന മാനിച്ച് വിവിധ കാരണങ്ങളാൽ മുൻസ്കീമിന്റെ ആനുകൂല്യങ്ങൾ നേടുവാൻ കഴിയാതിരുന്ന ഡീലർമാർക്കുവേണ്ടി 2013 ൽ ഒരു പുതിയ ആംനസ്റ്റി സ്കീം ആരംഭിച്ചിട്ടുണ്ട്. കേരള പൊതുവിൽപന നികുതി നിയമത്തിന്റെ 23 B വകുപ്പിൽ നിലവിലുള്ള വ്യവസ്ഥകൾക്കു വിധേയമായി 31.03.2005 വരെയുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കാനായി ഈ സ്കീം പ്രയോജനപ്പെടുത്താവുന്നതാണ്. ഈ സ്കീമിന്റെ കാലാവധി 31.12.2013 വരെയാണ്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) | കേരളപൊതുവിൽപന നികുതി നിയമ പ്രകാരം 2004-05 സാമ്പത്തികവർഷം വരെയുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനു വേണ്ടിയാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ പദ്ധതി വഴി വ്യാപാരികൾക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ? | (സി) | ഈ പദ്ധതി പ്രകാരം കുടിശ്ശിക ക്കാരന് അനുവദിച്ചിട്ടുള്ള ഇളവു കൾ താഴെപ്പറയുന്നു:<br>1991 വരെയുള്ള കാലയളവിലെ നികുതിയുടെ 75% ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും മുതലിന്റെ 25% വും ഒഴിവാകും.<br>1991-92 മുതൽ 1995-96 വരെയുള്ള കാലയളവിൽ നികുതിയുടെ 100% ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും ഒഴിവാകും. 1996-97 മുതൽ 1999-2000 വരെയുള്ള കാലയളവിലുള്ള നികുതിയുടെ 100% ഒടുക്കിയാൽ പലിശ, പിഴ എന്നിവയുടെ 5% വീതം മാത്രം ഒടുക്കിയാൽ മതിയാകും. 2000-2001 മുതൽ 2004-05 കാലയളവിലുള്ള നികുതിയുടെ 100% ഒടുക്കിയാൽ കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10% വീതം നൽകിയാൽ മതിയാകും.<br>നികുതി മുഴുവനും അടച്ചുകഴിഞ്ഞ് പലിശ മാത്രം അടയ്ക്കാനുള്ള കേസ്സുകളിൽ പലിശയുടെ 10% തുക മാത്രം അടച്ചാൽ മതിയാകും. |
| (ഡി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ഡി) | ഈ പദ്ധതിയെക്കുറിച്ചും വാർത്താ മാധ്യമങ്ങളിലൂടെ പരസ്യം നൽകാനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ഈ സ്കീം അനുസരിച്ച് കുടിശ്ശിക തീർപ്പാക്കാനാഗ്രഹിക്കുന്ന കുടിശ്ശികക്കാരൻ നികുതി നിർണ്ണയാധികാരി മുമ്പാകെ നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ